"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം ഡോ.വിനായക്.കെ.എസ്, അസിസ്റ്റന്റ് സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം, പള്ളിക്കൽ, തിരുവനന്തപുരം -ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 1008/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2337/2023/H&FWD തീയതി,തിരുവനന്തപുരം, 14-09-2023

---

പരാമർശം:-
1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡോ.വിനായക്.കെ.എസ് ,അസിസ്റ്റന്റ് സർജൻ ഫയൽ ചെയ്ത ഒഎ1008/2023 നമ്പർ കേസിൽ പുറപ്പെടുവിച്ച ഉത്തരവ്.
2. സ.ഉ (സാധ) 1518/2023/ആകുവ തീയതി 26-06-2023
3. സ.ഉ(സാധ) 1603/2023/ആകുവ തീയതി 04-07-2023
4. ഡോ.വിനായക്.കെ.എസ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തിരുവനന്തപുരം പള്ളിക്കൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.വിനായക്.കെ.എസ് നെ പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 1008/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

0151797

GOVERNMENT OF KERALA

(2) ഇതിനിടെ പരാമർശം (1) ലെ നിർദ്ദേശ പ്രകാരം ഡോ.വിനായക്.കെ.എസ് പരാമർശം (4) പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ. വിനായക്.കെ.എസ്-ന്റേത് ഉൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും അപ്പീൽ അപേക്ഷയിലും ഡോ.വിനായക്.കെ.എസ്, താൻ അഞ്ചുവർഷത്തിലധികം പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് എന്ന വിദൂരദുർഘടമേഖലയിൽ ജോലിചെയ്തിരുന്നയാളാണെന്ന് വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ ടിയാനെ നിലവിലെ സ്റ്റേഷനിൽ തുടരാനനുവദിക്കുകയോ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ട ഏതെങ്കിലും സ്റ്റേഷനിൽ നിയമനം നൽകുകയോ ചെയ്യണം എന്നതാണ് ടിയാന്റെ ആവശ്യം.

(3) അപ്പീൽ കമ്മിറ്റീ ഈ വിഷയം വിശദമായി പരിശോധിക്കുകയും ടിയാൻ മുൻപ് പത്തനംതിട്ട തണ്ണിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്ത സാഹചര്യം പരിഗണിച്ച് ടിയാനെ അടൂർ ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് ശിപാർശ ചെയ്യുകയും ഉണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.വിനായക്.കെ.എസ് മുൻപ് പത്തനംതിട്ട തണ്ണിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്ത സാഹചര്യം പരിഗണിച്ച് ടിയാനെ അടൂർ ജനറൽ ആശുപത്രിയിൽ നിലവിവുള്ള ഒഴിവിൽ നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി, ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ ,പത്തനംതിട്ട.
ഡോ.വിനായക്.കെ.എസ്., അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ

മുഖേന)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 14-09-2023 16:41:23

സെക്ഷൻ ഓഫീസർ



GOVERNMENT OF KERALA

DHS/12077/2023-EA2

I/82622/2023

<u>മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി :15-09-2023</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി